

നീരവ്മോദി

# രത്നങ്ങൾ പോലെ സുഖിയൻ കാറുകളും

രത്നങ്ങൾ പോലെ തന്നെ നീരവ്മോദിയുടെ മറ്റൊരു വീക്ക്നെസായിരുന്നു മുന്തിയ ഇനം കാറുകൾ.

പഞ്ചാബ് നാഷണൽ ബാങ്ക് (പി.എൻ.ബി.) അടക്കമുള്ള പൊതുമേഖലാ ബാങ്കുകളെ കബളിപ്പിച്ച് 11,346 കോടി തട്ടിച്ച് വിദേശത്തേക്ക് മുങ്ങിയ നീരവ് മോദി വെട്ടിപ്പ് നടത്തിയ പണം മുന്തിയ ഇനം കാറുകൾക്കുവേണ്ടിയും ധൂർത്തടിച്ചിരുന്നു. ബാങ്കുകൾ നൽകിയ പരാതിയെത്തുടർന്ന് എൻഫോഴ്സ്മെന്റ് നടത്തിയ പരിശോധനയിൽ റോൾസ് റോയ്സ് ഗോസ്റ്റും, മെഴ്സിഡസ് ബെൻസും പോർഷ്യേ പനാമേരയുമടക്കം ഒൻപത് ആഡംബരകാറുകളാണ് നീരവിന്റെ വസതിയിൽ നിന്ന് കണ്ടെടുത്തത്. വിപണിയിലിറങ്ങുന്ന പുത്തൻ കാറുകളെല്ലാം തന്റെ വീടിനു മുന്നിൽ വേണമെന്ന് നീരവിന് നിർബന്ധമായിരുന്നു. കാർഡ്രൈവിംഗിലും നീരവ്മിടുക്കനായിരുന്നു.

റോൾസ് റോയ്സ് ഗോസ്റ്റ്
വില: 5 കോടി



മെഴ്സിഡസ് ബെൻസ്
വില: 30 ലക്ഷം





ഇന്നോവ. വില: 20 ലക്ഷം



ഹോണ്ടാ വേരിയന്റ്സ്
വില: 25 ലക്ഷം



ടൊയോട്ട ഫോർച്യൂണർ
വില: 30 ലക്ഷം



പോർഷ്യേ പനാമേര
വില: 2 കോടി

## നീരവ്മോദിയുടെ തട്ടിപ്പ് ഇങ്ങനെ

വൻകിട ബിസിനസുകാർക്ക് ബാങ്ക് ഗ്യാരന്റിയുടെ അടിസ്ഥാനത്തിൽ കോടികളുടെ ഇടപാടിനു സൗകര്യമൊരുക്കുന്ന ബയേഴ്സ് ക്രെഡിറ്റ് (ലെറ്റർ ഒഫ് കംഫർട്) രേഖകൾ ഉപയോഗിച്ചാണ് നീരവ് മോദി വിദേശത്ത് തട്ടിപ്പു നടത്തിയത്. പി.എൻ.ബി.യുടെ ജാമ്യത്തിന്റെ ബലത്തിൽ വിദേശത്തെ ബാങ്കുകളിൽനിന്ന് വൻതോതിൽ പണം പിൻവലിച്ചു. ഈ പണം തിരിച്ചടയ്ക്കാത്തതുമൂലം ബാധ്യത, ജാമ്യം നിന്ന പി.എൻ.ബിക്കായി. വസ്തുവകകൾ കണ്ടെത്തുന്നതിനായി നടത്തിയ റെയ്ഡിൽ സ്വർണവും വജ്രവും ആഭരണങ്ങളും ഉൾപ്പെടെ 5100 കോടിയുടെ സ്വത്ത് ഇതുവരെ പിടിച്ചെടുത്തത്. 4000 കോടി രൂപയുടെ ബാങ്ക് നിക്ഷേപവും പൊലീസ് കണ്ടെത്തിയിരുന്നു,

## അംബാനി ബന്ധു

മുകേഷ് അംബാനിയുടെ അനന്തരവൾ ഇഷെത സാൽഗോക്കറെയാണ് നീരവ്മോദിയുടെ ഇളയ സഹോദരൻ നിശാൽ മോദി വിവാഹം കഴിച്ചത്, വധൂവരന്മാർക്കായി മുകേഷ് അംബാനി അയാളുടെ ബഹുനിലകൊട്ടാരം ആന്റില്ലിയയിൽ 2016 ൽ വമ്പൻ വിരുന്നൊരുക്കിയിരുന്നു.

## ന്യൂയോർക്കിൽ സുഖവാസം

പൊലീസ് ഇവിടെ അരിച്ചുപറക്കുമ്പോൾ ന്യൂയോർക്കിലെ മാൻഹാട്ടനിൽ ജെ. ഡബ്ല്യൂ. മാരിയറ്റ് എസ്. എക്സ്. ഹൗസിൽ കുടുംബത്തോടൊപ്പം നീരവ് സുഖവാസം നയിക്കുകയാണ്. അമേരിക്കൻ പൗരത്വമുള്ള ഭാര്യ ആമിയും ബിസിനസ് പങ്കാളിയും അമ്മാവനുമായ മെഹുൽ ചിനുഭായ് ചോക്സിയും ജനുവരി ആറിനു രാജ്യം വിട്ടിരുന്നു.

തട്ടിപ്പുകാർ രാജ്യം വിട്ടെന്ന് ഉറപ്പുവരുത്തിയശേഷമാണ് സി.ബി.ഐ. അന്വേഷണം ആരംഭിച്ചതെന്ന് ആക്ഷേപമുണ്ട്.

## ഒരാഭരണത്തിന് അൻപത് കോടി

കനത്ത വിലയുള്ള ആഭരണങ്ങളാണ് മോദിയുടെ സ്ഥാപനങ്ങളിൽ വിൽപന നടത്തിയിരുന്നത്. ഏതാണ്ട് 50 കോടി വരെയൊക്കെ വില പോകും. ക്രിസ്റ്റീസും സത്ബിയും പോലുള്ള സ്ഥാപനങ്ങളുടെ ലേലത്തിലാണ് പലതും വിറ്റുപോകുന്നത്. 2010ൽ മോദിയുടെ ഗോൽക്കൊണ്ട മാല ക്രിസ്റ്റിയുടെ ലേലത്തിൽ 16.29 കോടി രൂപയ്ക്കാണ് വിറ്റത്. ഇവയുടെ പരസ്യങ്ങളിൽ അഭിനയിക്കുന്നതാകട്ടെ ഏറ്റവും താരമൂല്യമുള്ള ബോളിവുഡ് നടി പ്രിയങ്കചോപ്രയും. ഫോർബ്സ് മാസികയുടെ കണക്കനുസരിച്ച് നീരവ്മോദിയുടെ ആസ്തി ഈ വർഷം ഫെബ്രുവരി 15നു 1.73 ബില്ല്യൺ ഡോളറാണ്.

# മനുഷ്യാ കണ്ടുപഠിക്ക്

റോഡിൽ ഒരാൾ അപകടത്തിൽപ്പെട്ട് കിടന്നാൽ ഒട്ടുമിക്കവരും തിരിഞ്ഞുനോക്കില്ല. ഇനി രക്ഷിച്ചാലോ വാദി പ്രതിയാകും. ഇത്തരത്തിൽ മനുഷ്യത്വരഹിതമായ കഥകൾ ഏറെ കേൾക്കുന്ന മനുഷ്യർക്ക് ഉദാഹരണമാക്കാൻ ഇതാ ഒരു അപൂർവ്വ മനുഷ്യ - ഡോൾഫിൻ ബന്ധത്തിന്റെ കഥ.

2011 ലാണ് എഴുപത്തിയൊന്നുകാരനായ മത്സ്യത്തൊഴിലാളി ജാവോ പെരേര ഡിസൂസ ജിഞ്ജീ എന്ന പെൻഗ്വിനെ ആദ്യമായി കാണുന്നത്. അന്ന് ജിഞ്ജീ മണ്ണിൽ പുതഞ്ഞ് മരണത്തോട് മല്ലിടുകയായിരുന്നു.

കടൽതീരത്തും വീട്ടിലുമായുള്ള പതിനൊന്നു മാസം നീണ്ട ഡിസൂസയുടെ പരിചരണത്തിലൂടെ ജിഞ്ജീ ജീവിതത്തിലേക്ക് തിരിച്ചുവന്നു. പിന്നീടൊരു ദിവസം അവനെ കാണാതായി. ഏറെതിരഞ്ഞെങ്കിലും കണ്ടെത്തിയില്ല. ഇനി ആ പെൻഗ്വിൻ തിരിച്ചുവരില്ലെന്ന് ഡിസൂസയോട് എല്ലാവരും പറഞ്ഞു. എന്നാൽ ഒരുവർഷത്തിന് ശേഷം ജിഞ്ജീ ഡിസൂസയെ കാണാൻ തിരിച്ചുവന്നു.



ഡിസൂസയും ജിഞ്ജീയും

8000 കിലോമീറ്റർ നീന്തിയായിരുന്നു ഈ തിരിച്ചുവരവ്. തന്റെ സ്നേഹവും നന്ദിയും പങ്കുവച്ച് ഒരു ദിവസം ഡിസൂസയ്ക്കൊപ്പം തങ്ങി മടങ്ങി. പിന്നീടങ്ങോട്ട് എല്ലാ വർഷവും ജിഞ്ജീ ഡിസൂസയെ കാണാൻ വരുന്നത് പതിവായി.

ജിഞ്ജീ തനിക്ക് എന്റെ സ്വന്തം കുഞ്ഞിനെപ്പോലെയാണെന്ന് ഡിസൂസ പറയുന്നു. "അവൻ എന്നെയും സ്നേഹിക്കുന്നെന്ന് ഞാൻ വിശ്വസിക്കുന്നു. അവനെ തൊടാൻ എന്നെ മാത്രമേ സമ്മതിക്കുകയുള്ളൂ. മറ്റാരും അടുത്ത് ചെല്ലാൻ അവന് സമ്മതിക്കില്ല. ആരെങ്കിലും അടുത്ത് ചെന്നാൽ അവൻ അവരെ കൊത്തിയകറ്റും. ജിഞ്ജീ എന്റെ മടിയിൽ കിടക്കും. ഞാൻ ഭക്ഷണം കൊടുത്താൽ കഴിക്കും," ഡിസൂസ പറഞ്ഞു.

# അടിമുടി വിഷം

കാലിന്റെ തുമ്പു മുതൽ തലമുടി നാരുവരെ വിഷമാണെന്ന് നമ്മൾ ചിലയാളുകളെ കളിയാക്കാറുണ്ട്. എന്നാൽ അത്തരത്തിൽ വേരുമുതൽ പൂവുവരെ അടിമുടി വിഷമുള്ള ഒരു ചെടിയുണ്ട്. ഡെഡ്ലീ നൈറ്റ് ഷെയ്ഡ് എന്ന് അറിയപ്പെടുന്ന അട്രോപ്പ ബെല്ലഡോണ എന്ന ഒരു അപൂർവ്വസസ്യം. ഇതിന്റെ ജന്മദേശം യൂറോപ്പാണ്. ഈ ചെടിയുടെ രണ്ട് കായ്കൾ മതി ഒരു മനുഷ്യന്റെ കഥ കഴിക്കാൻ. സസ്യത്തിന്റെ എല്ലാ ഭാഗത്തും ട്രൊപ്പെയ്ൻ ആൽക്കലോയിഡ്സ് എന്ന വിഷം അടങ്ങിയിട്ടുണ്ട്. ലോകത്തിലെ ഏറ്റവും കൊടിയ വിഷമുള്ള പുഷ്പം എന്ന അനൗദ്യോഗിക വിശേഷണവും ഈ പൂവിനുണ്ട്.

എന്നാൽ നൂറ്റാണ്ടുകളായി മരുന്നിനും സൗന്ദര്യ വർദ്ധനവിനും വിഷത്തിനും ലഹരിക്കും ഈ ചെടി മാറി മാറി ഉപയോഗിക്കുന്നുണ്ട്. ആട്രോപിൻ എന്ന മരുന്ന് ഈ ചെടിയിൽ നിന്നാണ് ഉണ്ടാക്കുന്നത്. ഹോമിയോയിലും ഇതിന് ഉപയോഗങ്ങളുണ്ട്. ബ്ലാക്ക്ബെറി ആണെന്ന് തെറ്റിദ്ധരിച്ചാണ് ആളുകൾ ഇത് കഴിക്കാറുള്ളത്. റോമൻ ചക്രവർത്തിമാർ ശത്രുക്കളെ വകവരുത്തുവാൻ പ്രധാനമായും ഈ ചെടിയെ ഉപയോഗിച്ചിരുന്നതായി ചരിത്രരേഖകളിൽ പറയുന്നു. പുരാതന യൂറോപ്പിൽ ഇത് ഒരു വേദന സംഹാരിയായി ഉപയോഗിച്ചിരുന്നുവത്രേ. പ്രാചീന ജർമ്മൻ ജാതിക്കാർ വിഷ അമ്പ് ഉണ്ടാക്കുവാൻ ഈ ചെടിയും പൂവും വ്യാപകമായി ഉപയോഗിച്ചിരുന്നു.



അട്രോപ്പ ബെല്ലഡോണ